സംവിധായകൻ ലാൽജോസിന്റെ അമ്മ ലില്ലി ജോസ്
മായന്നൂർ

സംവിധായകൻ ലാൽജോസിന്റെ അമ്മ ഒറ്റപ്പാലം എൽഎസ്എൻ ഗേൾസ് സ്കൂൾ റിട്ട. അധ്യാപിക മേച്ചേരി വീട്ടിൽ ലില്ലി ജോസ് (83) അന്തരിച്ചു. സംസ്കാരം തിങ്കൾ പകൽ മൂന്നിന് ഒറ്റപ്പാലം സെന്റ് ജോസഫ്സ് പള്ളി സെമിത്തേരിയിൽ. ഭർത്താവ്: പരേതനായ എ എം ജോസ് (ഈസ്റ്റ് ഒറ്റപ്പാലം ഗവ. ഹൈസ്കൂൾ റിട്ട. അധ്യാപകൻ). മറ്റുമക്കൾ: ലിജു, ലിന്റോ. മരുമക്കൾ: ലീന (അധ്യാപിക, ഒറ്റപ്പാലം എൽഎസ്എൻ സ്കൂൾ), ടി ഐ ഇഗ്നേഷ്യസ്, നിഷ (അധ്യാപിക, ടിഎച്ച്എസ് തൃശൂർ).

ബി കെ വിജയകുമാർ
പൂന്തുറ

മേലേത്തറവീട്ടിൽ ബി കെ വിജയകുമാർ (69) അന്തരിച്ചു. ഭാര്യ: രമാദേവി. മക്കൾ: വി സനൽകുമാർ, ആർ സജന, കിരൺലാൽ. മരുമക്കൾ: വി എസ് സുകന്യ, എസ് എസ് രാകേഷ്, ബി എസ് കീർത്തി. സഞ്ചയനം വ്യാഴം 8.30ന്.

എ എസ് സലിം
കല്ലറ

പഴയചന്ത അല്ലു നിവാസിൽ എ എസ് സലിം (70) അന്തരിച്ചു. ഭാര്യ: ഉരീം. മക്കൾ: ഫാത്തിമ, അഹമ്മദ്, അല്ലും ചക്രവർത്തി, അല്ലുമി റാണി, അനയ്യ റാണി. മരുമക്കൾ: ലിജീഷ് ലാൽ, റിയാസ്, സൈജു സിദ്ദിഖ്.

എൻ സത്യദാസ്
പുറുത്തിവിള

എസ്‌വി ഭവനിൽ എൻ സത്യദാസ് (87, റിട്ട. ഐഎസ്ആർഒ) അന്തരിച്ചു. ഭാര്യ: ജി വാസന്തി. മക്കൾ: സുരേഷ്ദാസ്, ഷീജാദാസ് (ജിഎൽപിഎസ്, കാഞ്ഞിരംകുളം), സതീഷ്ദാസ്. മരുമക്കൾ: ടി മജുല (ന്യൂ എച്ച്എസ്എസ്, നെല്ലിമൂട്), ജിജില ടി (എംവിഎച്ച്എസ്എസ്, അരുമാനൂർ), ഒ എൻ ജോയ് (ന്യൂ എച്ച്എസ്, നെല്ലിമൂട്). പ്രാർഥന ബുധൻ രാവിലെ എട്ടിന്.

എം ജി ശശികുമാർ
തിരുവനന്തപുരം

തിരുമല ഇലിപ്പോട് അഞ്ജലിയിൽ (എസ്ആർഎ 53)ൽ എം ജി ശശികുമാർ 71 (റിട്ട.അസിസ്റ്റന്റ് മാനേജർ, മിൽമ) അന്തരിച്ചു. ഭാര്യ നിർമ്മല കുമാരി (റിട്ട. അലിന്റ്). മക്കൾ: ഡോ. എസ് ആനന്ദ് (ഗവ. ആയുർവേദ കോളേജ്, തിരുവനന്തപുരം), എസ് അഞ്ജന (ഖത്തർ). മരുമക്കൾ: ഡോ. എം അനില (ഗവ.ആയുർവേദ കോളേജ്, തിരുവനന്തപുരം), ഹരികൃഷ്ണൻ (ഖത്തർ). സഞ്ചയനം വ്യാഴം രാവിലെ എട്ടിന്.

പി കെ സുകുമാരൻ
മാന്നാനം

പുത്തൻപുരയിൽ പി കെ സുകുമാരൻ (84) അന്തരിച്ചു. സംസ്കാരം ഞായർ പകൽ 11.30ന് വീട്ടുവളപ്പിൽ. ഭാര്യ തുളസി വടയാർ എട്ടടിതറയിൽ കുടുംബാംഗമാണ്. മക്കൾ: അനിൽകുമാർ, പ്രിയ, പ്രീതി. മരുമക്കൾ: മഞ്ജു മങ്ങാട്ടുപറമ്പിൽ പേരൂർ, ഗോപകുമാർ ഈനാഴം കുമ്മനം, ബിനീഷ് ലാൽ മാടമ്പുകട്ട കുറ്റിക്കാട്ട് കോട്ടയം.

മക്കയിൽ അന്തരിച്ചു
നേമം

ശാന്തിവിള മാർക്കറ്റ് ജങ്ഷൻ സഫീന മൻസിലിൽ മുജീബ് (51) മക്കയിൽ അന്തരിച്ചു. ഭാര്യ: സബീന ബീവി. മക്കൾ: അലി ഫാത്തിമ, മുഹമ്മദ് ഫൈസൽ, മുഹമ്മദ് ഫസിൽ. മരുമക്കൾ: മുഹമ്മദ് സജീബ്, ആലിയ ഫാത്തിമ.

കെ ബാലരാജൻ
നെടുമങ്ങാട്

പുനവകുന്ന് തേജസ് ഭവനിൽ കെ ബാലരാജൻ (74, റിട്ട. എൽഐസി) അന്തരിച്ചു. ഭാര്യ : പരേതയായ എൻ സുശീല ഭായ്. മക്കൾ: ബി എസ് വിബിൻരാജ്, ബി എസ് ലൗബിൻ രാജ്, ബി എസ് സാബിൻ രാജ്. മരുമക്കൾ: ഗിൽജി, സിന്ധു, ഫേബ സാബിൻ.

ജയകുമാർ
തിരുവനന്തപുരം

ആൾസെയ്ന്റ്സ് ടിസി 90/1762 (2) തണലിൽ ജയകുമാർ (മധു, 61) അന്തരിച്ചു. ഭാര്യ: മീനാകുമാരി. മക്കൾ: സ്മിത ജയകുമാർ, സൂരജ് ജയകുമാർ. മരുമക്കൾ: ഷിബു, സംഗീത ദാസ്. സഞ്ചയനം തിങ്കൾ 9.5ന്.

പി ഗോപി
ഉള്ളൂർ

നീരാഴി ലെയ്ൻ മൂത്താൻവിള വീട്ടിൽ പി ഗോപി(70) അന്തരിച്ചു. ഭാര്യ: സരസ്വതി. മക്കൾ: പരേതനായ സുനിൽകുമാർ, മനോഹരൻ, ബിന്ദു, സിന്ധു. മരുമക്കൾ: സ്വപ്ന, രാധാകൃഷ്ണൻ, സതീഷ്കുമാർ. സഞ്ചയനം വ്യാഴം രാവിലെ എട്ടിന്.

എൻ ശശികുമാർ
കരകുളം

ഏണിക്കര വിജയ വിലാസത്തിൽ ഇടിആർഎ 6ൽ എൻ ശശികുമാർ(61) അന്തരിച്ചു. ഭാര്യ: ബിന്ദു. മക്കൾ: ശാലു, ശിൽപ്പ. മരുമക്കൾ : ശിവകുമാർ, ശങ്കർ. സഞ്ചയനം വ്യാഴം രാവിലെ 8.30ന്.

കെ ഉത്തമൻ കാണി
നെടുമങ്ങാട്

പനയമുട്ടം മാമൂട് തടത്തരികത്തുവീട്ടിൽ കെ ഉത്തമൻ കാണി (68, റിട്ട. എൽഐസി) അന്തരിച്ചു. ഭാര്യ: സാവിത്രി. മക്കൾ: സ്വപ്ന, ദിവ്യ, രേഷ്മ. മരുമക്കൾ: ഗോപാലകൃഷ്ണൻ, ഷാജു, ശ്യാം. സഞ്ചയനം ബുധൻ ഒമ്പതിന്.

പി രാജു
പാപ്പനംകോട്

എസ്റ്റേറ്റ് റോഡിൽ ടിസി 53/480 (1) സീതാഭവനിൽ പി രാജു (54) അന്തരിച്ചു. ഭാര്യ: കല. മക്കൾ: ശ്രീകുമാർ (എസ്ബിഐ, എച്ച്ആർ വിഭാഗത്തിൽ ക്ലർക്ക്), സീത. മരുമകൻ: അർജുൻ (ബിസിനസ്). സഞ്ചയനം 18ന് എട്ടിന്.

കെ സരിത
പെരിങ്ങര

കുറിശ്ശിമനയിൽ കെ സരിത (48) അന്തരിച്ചു. സംസ്കാരം ഞായർ പകൽ 11ന് വീട്ടുവളപ്പിൽ. ഭർത്താവ്: പരേതനായ ശ്രീപതി പദ്മനാഭൻ. മകൾ: ഭാരതി.

ശശിധരൻ കോലത്തുകര
കുളത്തൂർ

അധ്യാപകനും സാഹിത്യകാരനുമായിരുന്ന ശ്രീകാര്യം കുളത്തൂർ കോലത്തുകര ക്ഷേത്രത്തിനുസമീപം കാവടിവിളാകം വീട്ടിൽ ശശിധരൻ കോലത്തുകര (62) അന്തരിച്ചു. സംസ്കാരം ഞായർ 10 മണിക്ക്. കൊടിയേറ്റം, ഏതോ ഒരു സ്വപ്നം, ദലമർമ്മരങ്ങൾ, ആരവം തുടങ്ങിയ സിനിമകളിൽ അഭിനയിച്ചിട്ടുണ്ട്. ഭാര്യ: തുളസി. മക്കൾ: അനഘ, ആവണി. മരുമകൻ: അജയകുമാർ.

ഇ അബൂബക്കർകുഞ്ഞ്
ചാല

ചെമ്പരത്തിവിളാകം ടിസി39/1399ൽ ഇ അബൂബക്കർകുഞ്ഞ് (90) അന്തരിച്ചു. മക്കൾ: സുധീർ, സുബിത. മരുമകൾ: ഹസീന.

പി മധു
പാറശാല

അയിര ചെങ്കവിള വെളിയംകോട്ടുകോണം സരസ്വതി ഭവനിൽ പി മധു (56) അന്തരിച്ചു. ഭാര്യ: സരസ്വതി. മക്കൾ: മനോജ്, മനു. മരുമകൾ: പ്രതിഭ. സഞ്ചയനം ചൊവ്വ ഒമ്പതിന്.

ആർ ബാലകൃഷ്ണൻ
തിരുവനന്തപുരം

ആറ്റുകാൽ മേടമുക്ക് രാമഭവനം എആർഡബ്ല്യൂഎ 179ൽ ആർ ബാലകൃഷ്ണൻ (77, റിട്ട. കെഎസ്ആർടിസി) അന്തരിച്ചു. ഭാര്യ പരേതയായ അംബികാദേവി. മകൻ: ബി സുജിത്ത് കുമാർ. മരുമകൾ: ആർ വി സൗമ്യ. സഞ്ചയനം തിങ്കൾ ഒമ്പതിന്.

നാരായണൻ നായർ
തിരുവനന്തപുരം

പാറ്റൂർ മടത്തുവിളാകം പിആർഎ174ൽ നാരായണൻ നായർ (76) അന്തരിച്ചു. മക്കൾ: എൻ എസ് ലേഖ, എൻ എസ് ജിനുമോൻ. മരുമക്കൾ: പാറ്റൂർ സുനിൽ, ആശ ജിനു. സഞ്ചയനം വ്യാഴം 8.30ന്.

സത്യശീലൻ
കല്ലമ്പലം

പാവല്ല ഡിവിഎൽപിഎസിന് സമീപം പന്തടിവിളവീട്ടിൽ സത്യശീലൻ (78, വിമുക്തഭടൻ) അന്തരിച്ചു. സംസ്കാരം ഞായർ രാവിലെ 9.30ന്. ഭാര്യ: സരസ്വതി. മക്കൾ: സതീഷ്, സുശീൽ. മരുമക്കൾ: ദീപ്തി, ബിജി.

ബി ശശിധരൻ
കുളത്തൂർ

കാവടി വിളാകം വീട്ടിൽ ബി ശശിധരൻ (64, ശ്രീകാര്യം എസ്എം പാരലൽ കോളേജ് ഉടമ) അന്തരിച്ചു. ഭാര്യ: തുളസി. മക്കൾ: അനഘ, ആവണി. മരുമകൻ: അജയ് കുമാർ. സഞ്ചയനം ബുധൻ രാവിലെ 8.30ന്.

ആര്യ അഭിലാഷ്
ചെങ്ങരൂർ

മേലേചെല്ലേട്ട് എം പി കൃഷ്ണൻകുട്ടിയുടെയും വത്സമ്മയുടെയും മകൾ ആര്യ അഭിലാഷ് (32) അന്തരിച്ചു.

ശോശാമ്മ ജോർജ്
നന്ദൻകോട്

വെസ്റ്റ് ക്ലിഫ് ഗാർഡൻസ് 30 അമ്പികുളങ്ങര വീട്ടിൽ ശോശാമ്മ ജോർജ് (83) അന്തരിച്ചു. പെണ്ണുക്കര പന്തപാത്രയിൽ കുടുംബാംഗമാണ്. ഭർത്താവ്: പരേതനായ ജോർജ് തോമസ്. മക്കൾ: തോമസ് ജോർജ് (കബാറ്റ് കാറ്റേഴ്സ്), ജോർജ് മാത്യു (കുവൈറ്റ്), ജോർജ് ജോസഫ് (കുവൈറ്റ്), സാറ ജോൺ (മന്ന ഫുഡ്സ്). മരുമക്കൾ: ഡോ. ജയ തോമസ്, ബീല മാത്യു, ഷിജ ജോസഫ്, കെ എസ് ജോൺ.

എം സരസ്വതി
വലിയവിള

നെല്ലിയൂർകോണത്ത് പുത്തൻവീട്ടിൽ എം സരസ്വതി (64) അന്തരിച്ചു. അച്ഛൻ: കേശവനാശാരി. അമ്മ: മീനാക്ഷിയമ്മ. സഹോദരങ്ങൾ: ഗോപി ആശാരി, പരേതരായ ജഗദമ്മ, സുകുമാരൻ ആശാരി, വിജയകുമാരി. സഞ്ചയനം ചൊവ്വ 8.30ന്.

ആർ സതീപം
ചിറയിൻകീഴ്

അഞ്ചുതെങ്ങ് കായിക്കര ആശാൻ സ്മാരകത്തിനുസമീപം വിമല വിഹാറിൽ ആർ സതീപം (87) അന്തരിച്ചു. ഭർത്താവ്: പരേതനായ വിശ്വനാഥൻ. മക്കൾ: എസ് വി ബാബു, വിമല സപ്തമൻ, പരേതനായ എസ് വി അനിൽകുമാർ, എസ് വി സുനിൽ. മരുമക്കൾ: ലിജി ബാബു, മായാ സുനിൽ, പരേതനായ സപ്തമൻ. സഞ്ചയനം ഞായർ 11.30ന്.

അഹമ്മദ്കുഞ്ഞ് ആശാൻ
പാളയംകുന്ന്

സുധീർ മൻസിലിൽ അഹമ്മദ്കുഞ്ഞ് ആശാൻ (90) മലേഷ്യയിൽ അന്തരിച്ചു. ഭാര്യ: സൈനബ ബീവി. മക്കൾ: സുധീർ, സധീർ, സുഹൈല. മരുമക്കൾ: ലൈല, റഷീദ.

പി ശ്രീകുമാരൻ
പൂജപ്പുര

ചാടിയറ സിആർഎ 127 രോഹിണിയിൽ പി ശ്രീകുമാരൻ (79, റിട്ട. എക്സിക്യൂട്ടീവ് എൻജിനീയർ) അന്തരിച്ചു. സംസ്കാരം ഞായർ മൂന്നിന് ശാന്തികവാടത്തിൽ. ഭാര്യ: രതകുമാരി. മക്കൾ: അനിൽ കുമാർ (ദുബായ്), അരുൺ കുമാർ (അലൈൻ). മരുമക്കൾ: മൃദുല വി ധരൻ, ഷോലൈ.

എസ് രാജശേഖരൻ നായർ
വെങ്ങാനൂർ

വൃന്ദാവനത്തിൽ എസ് രാജശേഖരൻ നായർ (59, റിട്ട. ഹെൽത്ത് സർവീസ്) അന്തരിച്ചു. സംസ്കാരം തിങ്കൾ രാവിലെ 10ന്. ഭാര്യ: എസ് വിജയകുമാരി അമ്മ. മക്കൾ: ആർ വി അഖിൽ (ഖത്തർ), ആർ വി അഭിജിത്ത് (ഇംഗ്ലണ്ട്). മരുമകൾ: അമലാഗോപാൽ.

എൻ ജെ മാത്യു
രാമപുരം

നെല്ലുവേലിൽ എൻ ജെ മാത്യു (മത്തച്ചൻ –80) അന്തരിച്ചു. സംസ്കാരം ഞായർ പകൽ മൂന്നിന് രാമപുരം സെന്റ്. അഗസ്റ്റിൻസ് ഫൊറോനാപള്ളിയിൽ. ഭാര്യ ആലീസ്. മക്കൾ: ബെന്നി, ഷാന്റി. മരുമക്കൾ: പ്രിയ മേലേവീട്ടിൽ രാമപുരം, ഷാജു ചാണ്ടിയാംമാക്കൽ ഇടമറ്റം.

പി എൻ സരസു
കൊച്ചുവേളി

മാധവപുരം വിഎസ്എസ്സി റോഡ് ലക്ഷ്മി നിവാസിൽ പി എൻ സരസു (82) അന്തരിച്ചു. ഭർത്താവ്: പരേതനായ പ്രൊഫ. വി ചക്രപാണി ആചാരി. മക്കൾ: സി ബീനാ റാണി, ഡോ.സി ബാബുരാജ്, സി ബിന്ദുറാണി. മരുമക്കൾ: പരേതനായ ഡോ. ബി ഉമാമഹേശ്വരൻ, പി കെ ശ്രീകുമാരി, ജി വേണുഗോപാൽ. സഞ്ചയനം: ബുധൻ എട്ടിന്.

സെലിൻ
കൊച്ചുവേളി

മണൽകുന്ന് ഹൗസിൽ സെലിൻ (73) അന്തരിച്ചു. സംസ്കാരം ഞായർ പകൽ 11ന് കൊച്ചുവേളി സെന്റ് ജോസഫ്സ് ദേവാലയത്തിൽ. ഭർത്താവ്: പരേതനായ സ്റ്റീഫൻ (വിമുക്തഭടൻ). മക്കൾ: മെഡോണ, ലോറൻസ് (ഫിനിയൻ) ലീല, കെനി , പരേതനായ തോമസ്. മരുമക്കൾ: സോണി, ലോറൻസ് ആന്റണി, ഷിജി.

പൊന്നമ്മ
ചിറയിൻകീഴ്

ശാർക്കര ഓമനാലയത്തിൽ പൊന്നമ്മ (95) അന്തരിച്ചു. ഭർത്താവ്: പരേതനായ ദിവാകരൻ. മക്കൾ: ശശിലേഖ, മണിയൻ, ഓമന, നളിനി, കുമാരി, പരേതനായ ബാബു, മഹേശ്വരി. മരുമക്കൾ: പരേതനായ വസുന്ധരൻ, ഉഷ, പരേതനായ നടേശൻ, ഹരിദാസ്, സതീശൻ, ഗീത, സുരേന്ദ്രൻ. സഞ്ചയനം ചൊവ്വ 8 30ന്.

കെ തങ്കമണി
നെയ്യാറ്റിൻകര

വ്ളങ്ങാമുറി മിഥുഭവനിൽ കെ തങ്കമണി (70, റിട്ട. ഹാൻഡ്‌ലൂം ഉദ്യോഗസ്ഥ, ബാലരാമപുരം) അന്തരിച്ചു. ഭർത്താവ്: സാം ശോഭനം (റിട്ട. ഓവർസിയർ, കെഎസ്ഇബി). മക്കൾ: ടി എസ് മിഥു, ടി എസ് ഷാനു. മരുമക്കൾ: സ്റ്റാലിൻ, ലിറ്റോ തോമസ്. പ്രാർഥന ചൊവ്വ രാവിലെ 8.30ന്.

തുളസീഭായി
ബാലരാമപുരം

ഭഗവതിനട വാഴവിളാകത്തുവീട്ടിൽ തുളസീഭായി (76) അന്തരിച്ചു. സംസ്കാരം ഞായർ രാവിലെ 10ന്. ഭർത്താവ്: പരേതനായ ഭാസ്കരൻനായർ. മക്കൾ: പരേതനായ ഉദയകുമാർ, ജയകുമാർ, ഗീതാകുമാരി. മരുമക്കൾ: സജിത, ദീപ, ഭുവനചന്ദ്രൻനായർ.

ജി എൻ രമണൻ
കല്ലറ

പരപ്പിൽ വട്ടക്കരിക്കകത്തിൽവീട്ടിൽ ജി എൻ രമണൻ (65, റിട്ട. സബ് രജിട്രാർ) അന്തരിച്ചു. സംസ്കാരം ഞായർ രാവിലെ 10ന്. ഭാര്യ: എസ് ശ്രീകുമാരി. മക്കൾ: ധന്യൻ പ്രകാശ് (കേരളാ പൊലീസ്), ഹരി പ്രകാശ് (ഖത്തർ). മരുമക്കൾ: എം എസ് ശരണ്യ. സഞ്ചയനം വെള്ളി ഒമ്പതിന്.

ഡേവിഡ് ജേക്കബ്
മുട്ടം

തെങ്ങിൽനിന്ന് വീണ് പരിക്കേറ്റ് ചികിൽസയിൽ കഴിഞ്ഞിരുന്ന തുടങ്ങനാട് മലയാറ്റിൽ ഡേവിഡ് ജേക്കബ്(57) മരിച്ചു. ഭാര്യ: ഷാന്റി. മക്കൾ: എബിമോൻ, നീതുമോൾ,ഗീതുമോൾ.

കെ സുലോചനയമ്മ
അമ്പലത്തറ

പരവൻകുന്ന് അക്ഷയ്നിവാസിൽ കെ സുലോചനയമ്മ (81) അന്തരിച്ചു. ഭർത്താവ്: പരേതനായ ഹരിദാസൻ നായർ. മക്കൾ: അശോക് കുമാർ, പരേതനായ കാർത്തികേയൻ , രാജി രാധൻ, സുധീഷ് കുമാർ. മരുമക്കൾ: പ്രീത കുമാരി, അനുപമ രാധാകൃഷ്ണൻ നായർ, ഉഷ. സഞ്ചയനം വ്യാഴം രാവിലെ 8.30ന്.

പി കൃഷ്ണമ്മ
പാലോട്

താളിക്കുന്ന് ചിത്തിരയിൽ പി കൃഷ്ണമ്മ (78) അന്തരിച്ചു. ഭർത്താവ്: പരേതനായ ബാലകൃഷ്ണൻ ആശാരി. മക്കൾ: തങ്കമണി, മണിച്ചി, അജിത. മരുമക്കൾ: മുരുകൻ, രാജൻ, നകുലൻ. സഞ്ചയനം ചൊവ്വ ഒമ്പതിന്.

സുഭദ്ര
നെടുമങ്ങാട്

പനയമുട്ടം കരിക്കുഴി തുറുവേലി കിഴക്കുംകരവീട്ടിൽ സുഭദ്ര (65) അന്തരിച്ചു. ഭർത്താവ്: രാജൻ. മക്കൾ: സുമേഷ്, രാജേഷ്. മരുമക്കൾ: ജയന, ശരണ്യ. സഞ്ചയനം ചൊവ്വ ഒമ്പതിന്.

കെ ശ്രീലത
കാഞ്ഞിരംപാറ

കെഎആർഎ 19 മങ്ങാട്ടുവീട്ടിൽ കെ ശ്രീലത (60) അന്തരിച്ചു. ഭർത്താവ്: പരേതനായ ചന്ദ്രശേഖരൻനായർ. മക്കൾ: സി എസ് അഭിലാഷ്, സി എസ് അശ്വതി. മരുമക്കൾ: ചിഞ്ചു, ഡി എസ് ധനേഷ്കുമാർ. സഞ്ചയനം വ്യാഴം എട്ടിന്.

ആർ കുഞ്ഞുകൃഷ്ണൻ
കിളിമാനൂർ

തട്ടത്തുമല കൈലാസം മങ്കാട്ടുപുത്തൻ വീട്ടിൽ ആർ കുഞ്ഞുകൃഷ്ണൻ (73) അന്തരിച്ചു. ഭാര്യ: ഓമന. മക്കൾ: അംബിക, മിനി(കൈലാസംകുന്ന് ക്ഷീരോൽപ്പാദക സഹകരണ സംഘം), സുനിത. മരുമക്കൾ : സോമൻ, രാധാകൃഷ്ണൻ, ബൈജു. സഞ്ചയനം ഞായർ രാവിലെ എട്ടിന്.

മണികണ്ഠൻ
പാറ്റൂർ

അമ്പലത്തുമുക്ക് ടിസി 30/1343 (4) നന്ദനത്തിൽ മണികണ്ഠൻ (50) അന്തരിച്ചു. സംസ്കാരം ഞായർ 10ന് തൈക്കാട് ശാന്തികവാടത്തിൽ. ഭാര്യ: സുചിത്ര. മക്കൾ: നന്ദ, നന്ദന.

ഗോപാലകൃഷ്ണ പിള്ള
കുലശേഖരം

പുളിമൂട് കെആർഎബി175 വീട്ടിൽ ഗോപാലകൃഷ്ണ പിള്ള (69, മണി) അന്തരിച്ചു. സംസ്കാരം ഞായർ രാത്രി എട്ടിന്. ഭാര്യ: സ്വർണമ്മ (ശൈലജ). മക്കൾ: സുമികൃഷ്ണ, സുജികൃഷ്ണ. മരുമകൻ: അരുൺകുമാർ.

ടോമി വർഗീസ്
തുടങ്ങനാട്

കുട്ടക്കല്ലിൽ ടോമി വർഗീസ് (60) അന്തരിച്ചു. ഭാര്യ സോഫി. മകൻ: സോനു.

എസ് മാധവൻനായർ
വെൺപകൽ

കിടയറക്കോണത്ത് ഗിരിജാലയത്തിൽ എസ് മാധവൻനായർ (94, റിട്ട. അധ്യാപകൻ) അന്തരിച്ചു. ഭാര്യ: ചന്ദ്രമണി തങ്കച്ചി (റിട്ട. അധ്യാപിക). മക്കൾ: ഗിരിജാമണി തങ്കച്ചി (റിട്ട. ആരോഗ്യവകുപ്പ്), ശശികുമാരൻ തമ്പി, രവികുമാരൻ തമ്പി (റിട്ട. എഇ, തദ്ദേശസ്വയംഭരണവകുപ്പ്), ഹരികുമാരൻ തമ്പി (ജിഐഐടിഐ ധനുവച്ചപുരം). മരുമക്കൾ: ശിവൻകുട്ടിനായർ (റിട്ട. എഇ, സിഡ്കോ), കെ സുലഭ, പി പത്മജ (അധ്യാപിക, എംഎംആർഎച്ച്എസ്എസ്), കുമാരിലത (ഡിഎൻഎസ്, ആരോഗ്യവകുപ്പ്). സഞ്ചയനം ഞായർ 8.30ന്.

ടി ശാന്ത
പേരൂർക്കട

കുടപ്പനക്കുന്ന് എൻസിസി റോഡ് മരുപ്പൻകോട് എസ്ബിഎൻ 50ൽ ടി ശാന്ത (75) അന്തരിച്ചു. ഭർത്താവ്: പരേതനായ രഘുനാഥൻ ആശാരി. മകൻ: വിമൽ കുമാർ. മരുമകൾ: സരിത. സഞ്ചയനം വ്യാഴം രാവിലെ ഒമ്പതിന്.

ലില്ലി
ശ്രീകാര്യം

കല്ലമ്പള്ളി വല്ലുണ്ണി ഏറ്റുകുന്ന് മാവർത്തലക്കോണം അമ്പനാട് പണയിൽ വീട്ടിൽ ലില്ലി (82) അന്തരിച്ചു. ഭർത്താവ്: തമ്പി (ലേവി). മക്കൾ: രമേശൻ, ബാബു, ശൈലേശൻ, സുധ, സുമ. മരുമക്കൾ: ജയകുമാരി, മിനി, ശശിധരൻ, പരേതരായ ഗീത, വിജയൻ . പ്രാർഥന ശനി രാവിലെ ഒമ്പതിന്.

എസ് ഗീത
വട്ടിയൂർക്കാവ്

കാവല്ലൂർ ചുണ്ടവിളവീട്ടിൽ എസ് ഗീത (62) അന്തരിച്ചു. ഭർത്താവ്: മോഹനൻ. മക്കൾ: സജീവ്, രാജീവ്. മരുമക്കൾ: വിദ്യ, രമ്യ. സഞ്ചയനം വ്യാഴം ഒമ്പതിന്.

ടി വി ജേക്കബ്
എരുമേലി

മണിപ്പുഴ തച്ചേടത്ത് നെല്ലിക്കാപ്പറമ്പിൽ ടി വി ജേക്കബ് (മോനച്ചൻ – 71) അന്തരിച്ചു. സംസ്കാരം തിങ്കൾ പകൽ രണ്ടിന് റാന്നി ഈട്ടിച്ചുവട് ഐപിസി സെമിത്തേരിയിൽ. ഭാര്യ: സാലി റാന്നി നടുക്കേമുറിയിൽ കുടുംബാംഗം. മക്കൾ: ഫേബാ ജേക്കബ് (യുകെ), ജോൺസൺ ജേക്കബ് (ജോർജിയ). മരുമകൻ: ആന്റു മോർഗൻ (യുകെ).

മറിയാമ്മ എസ്തപ്പാൻ
ഉഴവൂർ

വട്ടതൊട്ടിയിൽ മറിയാമ്മ എസ്തപ്പാൻ(88) അന്തരിച്ചു. സംസ്കാരം തിങ്കൾ പകൽ 2.30 ന് ഉഴവൂർ സെന്റ് സ്റ്റീഫൻസ് ഫോറോന പള്ളി സെമിത്തേരിയിൽ. ഭർത്താവ്: പരേതനായ എസ്തപ്പാൻ. മക്കൾ: ജോർജ്, തോമസ്, ഫിലിപ്പ്, സിബി, ഡെയ്സി, ഫാദർ ജോസ്(ഒഎഫ്എം സിഎപി), റെജി. മരുമക്കൾ: വത്സമ്മ(ചോഴമാക്കീൽ, ചീനിക്കുഴി), കുസുമം(കുന്നക്കാട്ട് മോനിപ്പള്ളി), അന്നമ്മ(ഓണാംകുന്നേൽ പുന്നത്തുറ), സ്മിത (ഉള്ളാട്ടിൽ റാന്നി), അലക്സ് (പാറശ്ശേരിയിൽ മാഞ്ഞൂർ സൗത്ത്), ജോജി (കൈതക്കാട്ടുശ്ശേരിയിൽ കുമരകം).

എം എ അസീം
വഴുതക്കാട്

ഡിപിഐ ജങ്ഷനിൽ 7എ സ്കൈലെയിൻ മെലഡി അപാർട്ട്മെന്റിൽ എം എ അസീം (92) അന്തരിച്ചു. (കെഎസ്ഐഡിസി മുൻ അഡ്മിനിസ്ട്രേറ്റീവ് മാനേജർ) എംഇഎസ്, മുസ്ലിം അസോസിയേഷൻ, വക്കം മൗലവി ഫൗണ്ടേഷൻ എന്നീ പ്രസ്ഥാനങ്ങളിൽ പ്രവർത്തിച്ചിട്ടുണ്ട്. അച്ഛൻ: ഡോ. മുഹമ്മദ് ഇസ്മായിൽ. ഭാര്യ: ജമീല. മക്കൾ: ഡോ. ജബീൻ, ഡോ. സിതാര. മരുമക്കൾ: ഹുമയൂൺ, ബിനു.

എസ് മുരുകൻ ആശാരി
വിളവൂർക്കൽ

മങ്കാട്ട് കിഴക്കുംകര പുത്തൻവീട്ടിൽ എസ് മുരുകൻ ആശാരി (60) അന്തരിച്ചു. ഭാര്യ: ടി സത്യഭാമ (ആശാപ്രവർത്തക). മക്കൾ: എസ് ആതിര, എം എസ് അനന്തു, എം എസ് അജയൻ. മരുമക്കൾ: എസ് കൃഷ്ണകുമാർ, എസ് ഗ്രീഷ്മ കൃഷ്ണൻ. സഞ്ചയനം വ്യാഴം 8.30ന്.

എം രാമചന്ദ്രൻനായർ
കല്ലമ്പലം

മുള്ളറംകോട് മാവേലിക്കോണം ഗോകുലത്തിൽ എം രാമചന്ദ്രൻനായർ (87, റിട്ട. ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ) അന്തരിച്ചു. ഭാര്യ: കെ രാജമ്മ. മക്കൾ: സുനിൽകുമാർ, അനിൽകുമാർ, അജിത്കുമാർ, അരുണകുമാർ. മരുമക്കൾ: നിഷ, രമ്യ, മിനി. സഞ്ചയനം തിങ്കൾ എട്ടിന്.

ശശിധരൻ ആശാരി
വർക്കല

അയന്തി പന്തുവിള ടിഎസ് ഭവനിൽ ശശിധരൻ ആശാരി (70) അന്തരിച്ചു. ഭാര്യ: തങ്കമണി. മക്കൾ: സിബിൻ, സിമി. മരുമക്കൾ: മനോജ്, നീതു സിബിൻ.

ജോസഫ് കുര്യൻ
കുറുമുള്ളൂർ

കുഴിയംപറമ്പിൽ ജോസഫ് കുര്യൻ(കുഞ്ഞപ്പൻ –89) അന്തരിച്ചു. ഭാര്യ: പരേതയായ മറിയാമ്മ ജോസഫ്. മക്കൾ: ജയ്നമ്മ എബ്രഹാം, ബാബു ജോസഫ് (സൗദി), ഫിലിപ്പ് ജോസഫ്(സൗദി), ജോജി ജോസഫ്(എംഡി ലകാസ മെഗാ ഹോം സ്റ്റോർ), തോമസ് ജോസഫ്(യുകെ), ജോയ്മോൾ ബിനോയ്(യുകെ). മരുമക്കൾ: പ്രസാദ്, മോളി, സിജി, മേഴ്സി, ബിനി, ബിനോയ്.

ബൈക്കപകടത്തിൽ യുവാവ് മരിച്ചു

വെള്ളറട

അഖിൽ

ബൈക്കപകടത്തിൽ യുവാവ് മരിച്ചു. ദേവികോട്, ചെറുവല്ലൂർ തെങ്ങുവിളാകത്തു മേക്കും കരവീട്ടിൽ അഖിൽ (22)ണ് മരണപ്പെട്ടത്. വെള്ളിയാഴ്ച രാത്രിയിൽ സുഹൃത്തിനൊപ്പം ബൈക്കിൽ യാത്ര ചെയ്യുമ്പോൾ കാരക്കോണം ജംങ്ഷനു സമീപത്തുവച്ച് കാറുമായി കൂട്ടിയിടിക്കുകയാരുന്നു. ഒപ്പമുണ്ടായിരുന്ന സുഹൃത്ത് അഖിൽ സാരമായ പരിക്കുകളോടെ ആശുപത്രിയിൽ തുടരുകയാണ്. അച്ഛൻ: അനിൽ കുമാർ. അമ്മ: അനിതാകുമാരി. സഹോദരൻ അരുൺ.

ലോട്ടറി വിൽപ്പനക്കാരൻ കുഴഞ്ഞുവീണ് മരിച്ചു

മംഗലപുരം

ജയപാലൻ

ലോട്ടറി വിൽപ്പന നടത്തുന്നതിനിടെ കുഴഞ്ഞുവീണ് മരിച്ചു. അയണിമൂട് അനു ഭവനിൽ ജയപാലൻ (66) ആണ് മരിച്ചത്. ശനിയാഴ്ച പകൽ മൂന്നിന് പോത്തൻകോട് താഴേമുക്ക് ജങ്ഷന് സമീപത്തുവച്ചാണ് കുഴഞ്ഞുവീണത്. മെഡിക്കൽ കോളേജ് ആശുപത്രിയിലെത്തിച്ചെങ്കിലും രക്ഷിക്കാനായില്ല. ഭാര്യ: ശശികല. മക്കൾ: അഖില, മാലു. മരുമക്കൾ: സനോജ്, രാഹുൽ.

വൃദ്ധയെ മരിച്ചനിലയിൽ കണ്ടെത്തി

ആര്യനാട്

ഓമന

വൃദ്ധയെ വീടിന് സമീപത്തെ കിണറ്റിൽ മരിച്ചനിലയിൽ കണ്ടെത്തി. കാനക്കുഴി തെങ്ങുംമുകൾ വീട്ടിൽ ഓമന (62)ആണ് മരിച്ചത്. മകൻ ജോണിയോടൊപ്പം താമസിച്ചിരുന്ന ഇവരെ വ്യാഴാഴ്ച മുതൽ കാണാനില്ലായിരുന്നു. തുടർന്ന് നടത്തിയ അന്വേഷണത്തിലാണ് കിണറ്റിൽ മൃതദേഹം കണ്ടെത്തിയത്. ഫയർഫോഴ്സ് സ്ഥലത്തെത്തിയാണ് മൃതദേഹം പുറത്തെടുത്തത്.

നീന്തൽ പഠിക്കുന്നതിനിടെ വിദ്യാർഥി മുങ്ങിമരിച്ചു

നെടുങ്കണ്ടം

ഹാർവിൻ

കൂട്ടുകാരുമൊത്ത് നീന്തൽ പഠിക്കുന്നതിനിടെ വിദ്യാർഥി മുങ്ങിമരിച്ചു. പാറത്തോട് മേട്ടകിൽ സൂര്യാഭവനിൽ ശെന്തിൽ, മഹാലക്ഷ്മി ദമ്പതികളുടെ മകൻ ഹാർവിൻ (13) ആണ് മരിച്ചത്. ശനി പകൽ 11.15 ഓടെയാണ് സഹോദരി ഹർഷിനിക്കും കൂട്ടുകാർക്കുമൊപ്പം ഹാർവിൻ മേട്ടകി ചെക്ക് ഡാമിലെത്തിയത്. സുരക്ഷയുടെ ഭാഗമായി അരയിൽ കയറുകെട്ടിയാണ് ഹാർവിൻ ഡാമിൽ ഇറങ്ങിയത്. എന്നാൽ ചെക്ക്ഡാമിലെ ചെളിയുള്ള ഭാഗത്ത് മുങ്ങിപ്പോകുകയായിരുന്നു. കുട്ടികളുടെ നിലവിളി കേട്ട് ഓടിയെത്തിയ നാട്ടുകാരാണ് ഹാർവിനെ കരയ്ക്കെത്തിച്ചത്. ഉടൻ നെടുങ്കണ്ടം മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയിൽ എത്തിച്ചെങ്കിലും രക്ഷിക്കാനായില്ല. നെടുങ്കണ്ടം ഹോളി ക്രോസ് ഹയർ സെക്കൻഡറി സ്കൂളിലെ ഏഴാം ക്ലാസ് പൂർത്തിയാക്കിയിരുന്നു. ഇരുപതേക്കർ ഗവ. ആശുപത്രിയിൽ പോസ്റ്റ്മോർട്ടത്തിന് ശേഷം മൃതദേഹം സംസ്കരിച്ചു.

ആഹ്ലാദപ്രകടനത്തിനിടെ കോൺഗ്രസ് പ്രവർത്തകൻ കുഴഞ്ഞുവീണ് മരിച്ചു

വണ്ടിപ്പെരിയാർ

എസ് ഡി സെൽവകുമാർ

കർണാടകയിലെ കോൺഗ്രസ് വിജയത്തിൽ ആഹ്ലാദപ്രകടനം നടത്തുന്നതിനിടെ ഇടുക്കിയിൽ കോൺഗ്രസ് പ്രവർത്തകൻ കുഴഞ്ഞുവീണ് മരിച്ചു. വണ്ടിപ്പെരിയാർ കറുപ്പുപാലം പ്രഭുഭവനത്തിൽ എസ് ഡി സെൽവകുമാർ(49) ആണ് മരിച്ചത്. ശനി വൈകിട്ട് അഞ്ചോടെയാണ് സംഭവം. കോൺഗ്രസ് മണ്ഡലം കമ്മിറ്റികളുടെ നേതൃത്വത്തിൽ വണ്ടിപ്പെരിയാർ ടൗണിൽ നടത്തിയ ആ ഹ്ലാദ പ്രകടനത്തിനിടെ പടക്കം വാങ്ങാൻ കടയി ൽ കയറിയപ്പോൾ ദേഹാസ്വാസ്ഥ്യം അനുഭവപ്പെട്ട് കുഴഞ്ഞുവീഴുകയായിരുന്നു. സഹപ്രവർത്തകർ ഉടൻ വണ്ടിപ്പെരിയാർ കമ്യൂണിറ്റി ഹെൽത്ത് സെന്ററിൽ എത്തിച്ചെങ്കിലും രക്ഷിക്കാനായില്ല. സംസ്കാരം ഞായർ പകൽ രണ്ടിന് വീട്ടുവളപ്പിൽ. ഭാര്യ: സുന്ദരി. മക്കൾ: പ്രഭു, പ്രിയ.

പുഴയിൽ കുളിക്കാനിറങ്ങിയ ബന്ധുക്കളായ മൂന്ന് കുട്ടികൾ മുങ്ങിമരിച്ചു

ശ്രീവേദ

അഭിനവ്

ശ്രീരാഗ്

പറവൂർ

തട്ടുകടവ് പുഴയിൽ കുളിക്കാനിറങ്ങിയ ബന്ധുക്കളായ മൂന്ന് കുട്ടികൾ മുങ്ങിമരിച്ചു. പറവൂർ പല്ലംതുരുത്ത് മരോട്ടിക്കൽ ബിജുവിന്റെയും കവിതയുടെയും മകൾ ശ്രീവേദ (10) മരിച്ചത്. കവിതയുടെ സഹോദരപുത്രൻ, മന്നം തളിയിലപ്പാടം വീട്ടിൽ വിനുവിന്റെയും നിതയുടെയും മകൻ അഭിനവ് (13 കണ്ണൻ), കവിതയുടെ സഹോദരി വിനിതയുടെയും ഇരിഞ്ഞാലക്കുട പൊറത്തുശേരി കടുങ്ങാടൻ വീട്ടിൽ രാജേഷിന്റെയും മകൻ ശ്രീരാഗ് (13) എന്നിവരാണ് മരിച്ചത്.

അഗ്നി രക്ഷാസേനയും വെടിമറയിൽനിന്നുള്ള മുങ്ങൽ വിദഗ്ധരും നടത്തിയ തിരച്ചിലിനൊടുവിലാണ് രാത്രി 7.30ന് ശ്രീവേദയുടെ മൃതദേഹവും രാത്രി പത്തരയോടെ മറ്റു രണ്ടുപേരുടെ മൃതദേഹങ്ങളും കണ്ടെത്താനായത്. മൃതദേഹങ്ങൾ താലൂക്കാശുപത്രി മോർച്ചറിയിലേക്ക് മാറ്റി. തട്ടുകടവ് പാലത്തിന്റെ അടിയിലാണ് ഇവർ കുളിക്കാൻ ഇറങ്ങിയത്. വള്ളംകളി നടക്കുന്ന, ഒഴുക്കുകൂടിയ സ്ഥലമാണിത്.

പാലത്തിനു സമീപം കുട്ടികളുടെ സൈക്കിളുകളും ചെരിപ്പുകളുമുണ്ടായിരുന്നു. അഭിനവിന്റെ അച്ഛൻ വിനു ഗൾഫിലേക്ക് തിരികെപ്പോയിട്ട് 3 ദിവസമേ ആയിട്ടുള്ളൂ. ഗവ. എൽപിജി സ്കൂളിലെ അഞ്ചാംക്ലാസ് വിദ്യാർഥിയാണ് ശ്രീവേദ, പുല്ലംകുളം ശ്രീനാരായണ ഹയർ സെക്കൻഡറി സ്കൂളിലെ എട്ടാംക്ലാസ് വിദ്യാർഥിയാണ് അഭിനവ്, ഇരിങ്ങാലക്കുട സ്കൂളിലെ വിദ്യാർഥിയാണ് ശ്രീരാഗ്. ശ്രീവേദയുടെ സഹോദരി നിവേദിത (മാളു). അഭിനവിന്റെ സഹോദരി അമേയ. ശ്രീരാഗിന്റെ സഹോദരൻ ശ്രീരാജ്.